നെല്ലിന്റെ സംഭരണവില

31 [3375] ശ്രീ. എ. സി. ഷൺമുഖദാസ്:

„ കെ. പി. മോഹനൻ:

„ സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലിന്റെ സംഭരണവില കിന്റലിനു ശരാശരി എത്രയാണെന്നും ഗോഡൗണുകളിൽ ഇവ എത്തിക്കുന്നതിനു കിന്റലിനു എത്രരൂപ ചെലവാകുമെന്നും വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ കൃഷിക്കാരിൽ നിന്ന് നെല്ല് സംഭരിച്ച് അരിയാക്കുന്നതിനു ഈ സാമ്പത്തികവർഷം എന്തു തുക ചെലവാകുമെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) എങ്കിൽ എത്ര തുകയാകുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) നെല്ലിന്റെ ഇപ്പോഴത്തെ സംഭരണ വില ചുവടെ ചേർക്കുന്നു.

സംഭരണവില കിന്റലിനു

	വെള്ള	ചുവപ്പ്	മറ്റുള്ളവ
കോട്ടയം	..	740	..
തൃശ്ശൂർ	700	720	750 (ജ്യോതി)
പാലക്കാട്	700	750	..
ആലപ്പുഴ	..	750	..
പത്തനംതിട്ട	..	725	..

സംഭരിച്ച നെല്ല് ഗോഡൗണുകളിൽ എത്തിക്കുന്നതിന് കൈകാര്യ ചെലവായി കിന്റലിന് 85 രൂപ നൽകുന്നുണ്ട്.

(ബി) ഇല്ല. സംഭരിച്ച നെല്ല് അരിയാക്കാൻ സാഹചര്യമുള്ള സംഭരണ ഏജൻസികൾ അരിയാക്കിമാറ്റി അതിനുള്ള രേഖകൾ സമർപ്പിക്കുകയാണ് പതിവ്.

(സി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly